# SMLPS KANCHIYAR

# ACADEMIC MASTER PLAN

# 2025-2026

## സ്കൂൾ കെട്ടിടം നവീകരണം.

62 വർഷം പഴക്കമുണ്ടായിരുന്ന സ്കൂൾ കെട്ടിടം അധ്യാപകരുടെയും, PTA യുടെയും മാനേജ്മെന്റിന്റെയും, പൂർവ്വവിദ്യാർത്ഥികളുടെയും നല്ലവരായ നാട്ടുകാരുടെയും സഹകരണത്തോടെ പുതുക്കി നിർമ്മിക്കുവാൻ സാധിച്ചത് എന്നത് വലിയ ഒരു നേട്ടം തന്നെ.

Roofing, Sealing, wiring, Tiling തുടങ്ങിയ work കൾ വളരെ ഭംഗിയായി ചെയ്ത് മനോഹരമാക്കി.

* സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും.

→ നിലവിലുള്ള ഒരു വാഹനം കൊണ്ട് എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കാൻ കഴിയുന്നില്ല

→ സ്കൂൾ മുറ്റത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ചെളി നിറഞ്ഞ് കിടക്കുന്നതിനാൽ കുട്ടികൾക്ക് നടക്കാൻ പറ്റാത്ത അവസ്ഥയാണ്.

→ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ മറ്റ് സ്കൂളിലെ അധ്യാപകർ Canvas ചെയ്ത് കൊണ്ടുപോകുന്നത് ഒരു ഭീഷണിയാണ്.

→ School ന് നല്ല ഒരു Library കൂടെ ഇല്ല.

→ ആവശ്യത്തിന് Projector കളും Laptop കളും ഇല്ല.

→ ശുദ്ധമായ കുടിവെള്ളത്തിന് വേണ്ടി മഴവെള്ള സംഭരണി, കുഴൽക്കിണർ എന്നിവ ആവശ്യമുണ്ട്.

## ആമുഖം

1963 ൽ ബഹു. തോമസ് കാട്ടാമ്പള്ളി അച്ചനാൽ സ്ഥാപിതമായതാണ് കാഞ്ചിയാർ സെന്റ്. മേരീസ് LP സ്കൂൾ. മലയോര മേഖലയായ കാഞ്ചിയാറ്റിൽ ആയിരക്കണക്കിന് കുരുന്നുകൾക്ക് അക്ഷരവെളിച്ചം പകരാൻ സെന്റ്. മേരീസിന് കഴിഞ്ഞു. കാഞ്ഞിരപ്പള്ളി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ് ഇത്. പാഠ്യ- പാഠ്യേതര മേഖലയിൽ കഴിഞ്ഞ അക്കാദമിക വർഷം സ്കൂൾ കൈവരിച്ച നേട്ടങ്ങൾ എടുത്തു പറയേണ്ടതു തന്നെ.

* LSS നേടിയത് - 3 കുട്ടികൾ
* Science fair - Overall (Sub. district)
* School Kalolsavam - 5th position
* മേളകളിൽ മികച്ച വിജയം.

ഈ വിദ്യാലയത്തിൽ നിന്നും വിദ്യ തേടി കടന്നു പോയവർ ജീവിതത്തിന്റെ വിവിധ തുറകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിച്ച് ജീവിക്കുന്നു എന്നത് അഭിമാനകരം തന്നെ.

2025-26 അക്കാദമിക വർഷം 139 കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു. 8 അധ്യാപകർ ഇവിടെ സേവനം ചെയ്യുന്നു. പാഠ്യ- പാഠ്യേതര രംഗങ്ങളിൽ കുട്ടികൾ മികച്ച വിജയം കരസ്ഥമാക്കുന്നു എന്നത് എടുത്തു പറയത്തക്ക നേട്ടം തന്നെ.

* കുട്ടികൾക്ക് കളിക്കുന്നതിനു വേണ്ടി കളിഉപകരണങ്ങൾ അടങ്ങിയ ഒരു childrens park ആവശ്യമുണ്ട്.
* class room separation ഇല്ല. അത് പഠനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

## 2. പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
* ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും LP കുട്ടി നേടേണ്ട അറിവും കഴിവും ഉൾക്കൂടി തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കും.
* കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ഉപജില്ലാതലത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കും.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നിവ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
* ഹിന്ദി അക്ഷരങ്ങൾ എഴുതാനും, വായിക്കാനുമുള്ള അടിസ്ഥാന ശേഷി വികസിപ്പിക്കും.
* ഗണിതത്തിലെ അടിസ്ഥാനപരമായ ചതുഷ്ക്രിയകൾ കുട്ടികളെ പഠിപ്പിക്കും.

## ഏറ്റെടുത്തു നടപ്പാക്കുന്ന തുടർ പ്രവർത്തനങ്ങൾ

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
  Project - മലയാളത്തിളക്കം.
* മികച്ച വായനക്കാരൻ
  Project - വായനക്കൂട്ടം
* മികച്ച എഴുത്തുകാരൻ
  Project - എഴുത്തുകൂട്ടം.
* Spoken English മെച്ചപ്പെടുത്തൽ
  Project -
* പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ
  Project - Quiz
* School Library നവീകരണം
* Class Library നവീകരണം.

## മെച്ചപ്പെടുത്തൽ - ഭൗതികസാഹചര്യം.

→ School ഗ്രൗ Interlock ചെയ്ത് ഭംഗിയാക്കുന്നു.

→ Nutrition garden നവീകരണം.

→ ഔഷധത്തോട്ടം (കുറഞ്ഞത് 20 സസ്യങ്ങൾ)

→ പൂന്തോട്ട നവീകരണം.

→ Childrens Park (ഊഞ്ഞാൽ, Merry-go-round കളിയുപകരണങ്ങൾ)

## Scout & Guide

* Cub, Bulbul unit ആരംഭിക്കുന്നു.
* Dance പരിശീലനം
* കരാട്ടെ പരിശീലനം
* സംഗീത പരിശീലനം.

# Master Plan...

# Class-1

- Malayalam
- English
- Maths...

Maria Francis
Sr Annmel Abraham

# ആമുഖം

അറിവിന്റെ ലോകത്തേയ്ക്ക് പിച്ചവച്ചു വരുന്ന കുഞ്ഞുങ്ങളിൽ ഞങ്ങളുടെ മാതൃഭാഷ ഏറ്റവും ലളിതവും, സുന്ദരവുമായ പ്രവർത്തനങ്ങളിലൂടെ എത്തിക്കുന്നു. എഴുത്ത്, വായന എന്നതിൽ മാത്രം ഒതുങ്ങി നിൽക്കാതെ കുട്ടികളുടെ കലാപരവും, സാമൂഹികവുമായ നേട്ടങ്ങൾക്കുതകുന്ന തരത്തിലാണ് ഭാഷാപഠനം. അക്കാദമികം എന്നതിലുപരി കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്.

നമ്മുടെ ഈ വർഷത്തെ ഓരോ പഠനപ്രവർത്തനങ്ങളും 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകി എല്ലാവർക്കും തുല്യത ഉറപ്പാക്കിക്കൊണ്ടുള്ളതാണ്. ഈ അധ്യയന വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഭാഷാപഠനത്തിന് യോജിച്ച തരത്തിലുള്ള തുടർപ്രവർത്തനങ്ങളും പദ്ധതികളുടെ ഇവിടെ അവതരിപ്പിക്കുന്നത്.

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാകുട്ടികളും "എഴുതാനും, വായിക്കാനുമുള്ള" ശേഷിയുള്ളവരാകണം.
* എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നുറപ്പുവരുത്തുക.
* ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* സ്വന്തമായി ചിത്രകഥ നിർമ്മിക്കുന്നു.
* സംയുക്ത ഡയറി സ്വന്തമായി എഴുതുന്നു.
* വ്യത്യസ്തമായ സർഗാത്മക കഴിവുകൾ പ്രകടമാക്കാൻ അവസരം.

## ജൂൺ

-> കഥാവേള

-> ചെറുസദസ്സിനു മുന്നിൽ കഥ ഭാവാത്മകമായി പറയുന്നു.

-> കഥകൾ സ്വന്തം ശൈലിയിൽ, ഭാഷയിൽ അവതരിപ്പിക്കുന്നു.

-> ചിത്ര നോട്ട്ബുക്ക്, ചിത്ര ആൽബം, അക്കാദമിക് മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ

-> ചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

-> അക്കാദമിക് മാസ്റ്റർപ്ലാൻ അവതരണം

-> ചിത്രകാർഡുകൾ, വായനാ കാർഡുകൾ നിർമ്മാണ ശാല

-> താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

-> സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.

-> കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

-> വായന മൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ.

-> രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.

-> പുസ്തകങ്ങൾ തൊട്ടറിയാനും, നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

-> ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

-> അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

## ജൂൺ

→ **കഥാവേള**

→ ചെറുസദസ്സിനു മുന്നിൽ കഥ ഭാവാത്മകമായി പറയുന്നു.

→ കഥകൾ സ്വന്തം ശൈലിയിൽ, ഭാഷയിൽ അവതരിപ്പിക്കുന്നു.

→ സചിത്ര നോട്ട്ബുക്ക്, സചിത്ര അനുഭവാഖ്യാനം, അക്കാദമിക് മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ

→ സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

→ അക്കാദമിക് മാസ്റ്റർപ്ലാൻ അവതരണം

→ ചിത്രകാർഡുകൾ, വായനാകാർഡുകൾ നിർമ്മാണശാല

→ താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

→ സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.

→ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

→ വായനാമൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ.

→ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.

→ പുസ്തകങ്ങൾ തൊട്ടറിയാനും, നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

→ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

→ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

→ ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വായിക്കുവാനും പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

→ നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.

→ ഭാഷാ വികസനത്തിന് അവസരമൊരുക്കൽ.

→ സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

→ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

→ അക്ഷരപ്പാട്ടുകൾ, ചിത്രവായനാകാർഡുകൾ ഭാഷാശേഷി വർധിപ്പിക്കുന്നതിനായി തയ്യാറാക്കുന്നു.

→ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

→ ഭാവാത്മക വായനയിലേയ്ക്ക് കുട്ടികളെ നയിക്കുന്നു

→ ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

→ സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു

→ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

→ ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

→ അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

→ വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

## ഒക്ടോബർ

→ വായനോത്സവം സംഘടിപ്പിക്കുന്നു.
→ ആസ്വാദ്യകരമായ വായന നടത്തുന്നു.
→ ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
→ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
→ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
→ കുട്ടിക്കവിതകൾ വായിച്ച് ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
→ ഭിന്നശേഷി നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.
→

## നവംബർ

→ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
→ കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
→ "വായനോത്സവം" തുടങ്ങുന്നു.
→ "രചനോത്സവം" തുടങ്ങുന്നു.
→ പത്രവായനയ്ക്ക് അവസരം നൽകൽ.
→ താളാത്മകമായി കവിതകൾ ചൊല്ലൽ.
→ സംയുക്തഡയറിയിൽ കുട്ടിയുടെ എഴുത്ത് കൂടുതൽ
→ ചിത്രവായന നടത്തുന്നു.
→ ക്ലാസ്സ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

→ ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരമായി അവതരിപ്പിക്കും.
→ രചനശേഷി പരിപോഷിപ്പിക്കൽ.
→ ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ എഴുതുന്നു.
→ പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
→ ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശേഖരിക്കുന്നു.
→ കണ്ടതും, കേട്ടതും ആയ കാര്യങ്ങൾ ആശയം ചോരാതെ പോകാതെ പറയാനും, എഴുതാനും പഠിക്കുന്നു.

## ജനുവരി

→ ലഘു രചന ശിൽപ്പശാലകൾ നടത്തുന്നു.
→ കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
→ കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ ശേഖരിക്കൽ.
→ കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു.
→ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം.
→ കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് "കുഞ്ഞെഴുത്ത്" പുസ്തകം തയ്യാറാക്കുന്നു.
→ മികവുകൾ സമൂഹത്തിനു മുൻപിൽ പ്രകാശിപ്പിക്കുന്നു.

## ഫെബ്രുവരി

→ ഭാഷോത്സവം, ഗണോത്സവം എന്നീ പ്രവർത്തനങ്ങൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.

→ ആത്മവിശ്വാസത്തോടെ വായിക്കാനും, എഴുതാനും അവസരം.

→ സർഗ്ഗ രചനകൾക്ക് അവസരം.

→ കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.

## മാർച്ച്

→ കുട്ടികൾ എഴുതിയ കഥകൾ, കവിതകൾ ~~കൂട്ടായി~~ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു

→ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

→ ഒരേ കുട്ടിക്കും ഓരോ പതിപ്പുകൾ

The goal is for the first grader to handle English fluently. The first grades must go from small word to big word. Must be able to read write and speak English with it. No child should be able to speak English fluently like Malayalam. We have to keep our world language English, close to our hearts.

The Academic Master plan is designed to ensure that not a single child goes illiterate or illiterate.

Aim - Objectives

Learning Outcomes

* Simple words, simple sentence. addmore lines, description make sure these are in the childrens.

* Responds to simple instructions in the classroom.

  eg. May I come in teacher.

* Describes orally about pictures and objects using adjectives

  (Colour. size, shape etc)

* Enjoys songs and sings them with rhythm and action.

* Familiarises the names of birds. animals their young ones and identifies them from pictures.

Aim

* Simple words, Simple sentence, to speak, Read and write make sure these are in Childrens.

Pretest

- To develop listening skills and reading skills First listening skills
- Familiaries with words like Ant, Apple, bat bag etc and identifies the words.

Action plan - Activities

June

* Simple words introducing
* Provides picture card
* Gives a familiar magic picture card (Apple, Ant, Umbrella)

July

* Says the familiar words
* Writing familiar words
* Reading familiar words

## August

* Enjoys songs and sings them with rhythm and action.
* Describes orally about picture and objects using adjectives.
  (colours, shape, small, big etc)

## September

* Reads and writes simple words and simple sentence.
  Ex: Apple. An apple Red apple
* Provides picture card and reading cards.

## October

* Introduces a simple picture description
* word chain, sentence chain, make words
* Sentence make riddles
* describing words, Rhyming words, etc.
  text book activities
* My growing book is being prepared

## November

* My small description book is being prepared.
* preparing a reading card
* The classroom provides more opportunities to read, write and speak english
* Writes 5 English words daily.
* Prepared and displayed by my "English world".

## December

* My picture dictionary is being prepared.
* My growing book is being prepared.
* Simple instructions in the classroom.
* Encourages digital reading in the classroom everyday.

## January

* Enjoys songs and sings them with rhythm and action
* My Amazing book is being prepared.
* Collect pictures from animals and birds
* Animals and young ones.
* Spoken english [illegible] is provided

## February

* Provides the opportunity to express "Myself" in the classroom in the assembly and in the class PTA
* English provides an opportunity to speak fluently and without fear.
* A period of daily spoken english classroom provides an opportunity.
* Provides opportunity for english Assembly one day a week.

## March

* English speaks fluently
* Can read and write simple sentence
* Picture reading, picture describing can tell you how to read and write.
* My growing book, My picture dictionary Reading cards, My Magic book.

Maths

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റുതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം ചിന്തത്തിലേപാകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഉചിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കുന്നു.

## ലക്ഷ്യങ്ങൾ

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണി എഴുതുന്നു.
* അഞ്ചുവരെയുള്ള എണ്ണമുള്ള പകുതി, തുല്യം, കൂ കുറവ് എന്നിവയെ വിശദീകരിക്കുന്നു.
* അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു വരെ
* ഒമ്പതിൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു.
* രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും.

* ഒരക്ക സംഖ്യ, പാറ്റേൺ രൂപീകരിക്കൽ
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലഘുവായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

June

→ സംഖ്യകൾ തിരിച്ചറിയുന്ന പാടുന്നു
→ സംഖ്യാ കാർഡ് നിർമ്മിക്കൽ

July

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

August

→ ഒന്നു മുതൽ 90 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
→ കൂടുതൽ കുറവ് തിരിച്ചറിയുന്നു.
→ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

September

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ ,,
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ ആലപിക്കൽ

October

→ ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ
→ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്.

→ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ

→ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## November

* സംഖ്യാഗാനങ്ങൾ പാടുന്നു ആസ്വദിക്കുന്നു
* ഒരക്കസംഖ്യകളും രണ്ടക്കസംഖ്യകളും തമ്മിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## December

→ സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിലാക്കൽ

→ ഗണിത ആൽബം തയ്യാറാക്കൽ

## → January

* ഒരക്ക സംഖ്യകളും രണ്ടക്ക സംഖ്യകളും തമ്മിലുള്ള വ്യവക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## February

→ ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു.

→ വിലവിവരപട്ടിക, പ്രശ്ന വിശകലന പ്രവർത്തനത്തിൽ ഏർപ്പെടുന്നു.

## March

* ഗണിതാശയവുമായി ബന്ധപ്പെട്ട worksheet complete ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# SMLPS KANCHIYAR

## 2025-2026

# ACCADEMIC MASTER PLAN

## MALAYALAM
## ENGLISH
## MATHS

### STD-2

# ACCADEMIC MASTER PLAN

# 2025-26

# മലയാളം

# STD- 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സിലെ 'മാസ്റ്റർ പ്ലാൻ' തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും

പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും അനായാസമായ വായന ഉറപ്പാക്കുക.
* ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
* അക്ഷരം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)
* ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ എഴുതാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

# മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

# പ്രവർത്തനലക്ഷ്യം

* രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

# ജൂൺ

- ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ചേർത്തുകൊണ്ട്)
- ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുതകുന്ന തന്ത്രങ്ങൾ

# ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

# ആഗസ്റ്റ്

- ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടുലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ തെളിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

# സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

# ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

# നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

# ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു

# ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

# ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്ന് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

# മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്തു മാസിക, മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടു വായന, കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ACCADEMIC MASTER PLAN

# 2025-26

# ENGLISH

## STD-2

# AIM

To speak, Read & write English without any mistakes. To check the vocabulary and writing skills of pupils.

# JUNE & JULY

To develop listening skills & reading skills

Listening skills

a) Games, Action Songs, Hello English activities
b) conversations, skit stories (use ICT)

Speaking Skills

a) Identify the naming words from the picture.
b) Identify the action words from the same pictures.
c) Make simple sentences using the action word and naming words about the picture.
d) make symbol description about the picture.
e) Growing sentences, picture reading, self introduction Assembly are also conducted

# ACTIVITIES

Speech, Book Review, Quiz riddles, self introduction, School radio etc.

# AUGUST & SEPTEMBER

Develop the creative speaking and writing

Reading skills

a) News papers reading, library books reading, book review, reading breaking news
b) Find words
c) collect and read past tense
d) Rhyming words
e) Describing words etc
f) Text book Activities

Writing skills

a) make word web
b) picture description with describing words
c) word chain sentence chain
d) make words and sentences
e) make riddles, conversations
f) Add more lines

# ACTIVITIES

speech, book review, quiz riddles, self introduction. school radio makes description, magazines etc.

# OCTOBER & NOVEMBER

To express thoughts feelings etc

Reading skill

a) News papers reading, library books reading, book review, reading
b) conversations, skit stories use ICT materials
c) Reads breaking news
d) develop story
e) Read notice

Writing skills

a) make word web
b) picture description with describing words
c) word chain sentence chain
d) make words and sentences

Writing skills

a) Diary
b) Letter
c) Announcement
d) Description
e) Notice proclamation
f) Thought

## ACTIVITIES

· speech, Quiz riddles, school radio, makes magazines, skits, class room post office, Exhibition etc

# ACCADEMIC MASTER PLAN

# 2025-26

# ഗണിതം

# STD-2

# ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടു കൊണ്ടു തന്നെയാണ് 'ഉല്ലാസഗണിതം' പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠനഘട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും സഫലമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ടു വയ്ക്കുന്നത്.

# പ്രവർത്തന ലക്ഷ്യങ്ങൾ

✓ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

- സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിതസംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും.
- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തനലക്ഷ്യം

- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു

## ജൂൺ

- 1, 2, 3, 4 .....
  1, 3, 5, 7 .....

10, 20, 30, 40, ....

5, 10, 15, 20 ...

2, 4, 6, 8 ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
- ഗണിതത്തിന് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് അങ്കസംഖ്യകൾ രൂപീകരിക്കൽ
  (5+5=10) (10+10=20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ

## സെപ്റ്റംബർ

- ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസ്സിലൊരു കട. സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ. പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5....10....15....20....25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

# നവംബർ

* സ്ഥാനവില തിരിച്ചറിയൽ (നൂറ്, പത്ത്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
* "കാവിനൊരു" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ നോട്ട് / നാണയം

# ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി

(സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)

* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
* സങ്കലനവ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
* ഉല്ലാസഗണിതം materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

# മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രവർത്തനത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

SMLPS Kanchiyar

# Academic Master Plan 2025-2026

Class-3

Mathematics, Malayalam

EVS, English

ലക്ഷ്യം I

* കുട്ടികൾക്ക് ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

* ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് വരയ്ക്കാനും നിർമ്മിക്കാനുമുള്ള ശേഷി ഉറപ്പിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| * രൂപങ്ങൾ വരയ്ക്കാം. | | |
| * തോരണം നിർമ്മാണം | | ഗണിത Tr. |
| * തോണി നിർമ്മാണം | ജൂൺ | |
| * വെജിറ്റബിൾ പ്രിൻറിംഗ് | | |
| * Greeting card നിർമ്മാണം | | |
| * രൂപങ്ങൾ നിർമ്മാണം | | |

ലക്ഷ്യം :- 2

* കുട്ടികൾക്ക് 1 മുതൽ 1000 വരെയുള്ള സംഖ്യകൾ തിരിച്ചറിഞ്ഞ് എഴുതുന്നതിനും വായിക്കുന്നതിനും ഉള്ള ശേഷി ഉറപ്പിക്കുന്നു.

* സ്ഥാനവില തിരിച്ചറിഞ്ഞ് എഴുതാനും വായിക്കുന്നതിനും ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നതിനുള്ള ശേഷി ഉറപ്പിക്കുന്നു.

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| * സംഖ്യാ റിബൺ | | |
| * അബാക്കസിൽ ക്രമീകരിക്കാം | ജൂലൈ - | ഗണിത ക്ല. |
| * സ്ഥാനവില ചോക്ക് നിർമ്മാണം | സെപ്റ്റംബർ | |
| * ഡോഗൺ കളി | | |

ലക്ഷ്യങ്ങൾ - 3

* നീളം അളക്കാനുള്ള ഉപകരണം പരിചയപ്പെടുന്നു
* വസ്തുക്കൾ സ്കെയിൽ ഉപയോഗിച്ച് അളന്നു തിട്ടപ്പെടുത്തുന്നു
* സെന്റിമീറ്റർ, മില്ലിമീറ്റർ, മീറ്റർ എന്നിവയുടെ പരസ്പരബന്ധം കണ്ടെത്തി എഴുതുന്നതിനുള്ള ശേഷി ഉറപ്പിക്കുന്നു.

| പ്രവർത്തനം | കാലം | മേഖല |
|---|---|---|
| * Scale നിർമ്മാണം<br>* സാധനങ്ങൾ അളക്കാം എഴുതാം.<br>* ഊഹിച്ച് പറയാം<br>അളന്ന് എഴുതാം | ഒക്ടോബർ - ഡിസംബർ | ഗണിതം |

ലക്ഷ്യം -4

എല്ലാ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ ചതുഷ്ക്രിയകൾ, നാലക്ക സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|
| * കൂട്ടി നോട്ടംകൊണ്ട് കൂട്ടിനോക്കാം.<br>* സംഖ്യ വ്യാഖ്യാനിച്ച് എഴുതാം<br>* കൂട്ടങ്ങളാക്കാം.<br>* സംഖ്യാചക്രം നിർമ്മിച്ച് ചക്രം കറക്കി സംഖ്യകൾ കണ്ടെത്താം. | ജൂലൈ - മാർച്ച് | ഗണിതക്ല. |

ലക്ഷ്യം - 5

* എല്ലാ കുട്ടികൾക്കും സമയം അറിയുന്ന ഉപകരണങ്ങൾ നിന്നും അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെയും ശ്രദ്ധയോടെ നോക്കാനുള്ള ശേഷി ഉറപ്പിക്കൽ

* കലണ്ടർ ഉപയോഗിച്ച് ദിവസം, മാസം വർഷം എന്നിവ കണ്ടെത്താൻ കഴിയുന്നതിന് ഉള്ള ശേഷി ഉറപ്പിക്കുന്നു.

| പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- |
| * ക്ലോക്ക് നിർമ്മാണം<br>* കലണ്ടർ നിർമ്മാണം<br>* സമയമെത്ര ?<br>* എന്റെ ജന്മദിനം | ജനുവരി- മാർച്ച്. | ഗണിതം+ട. |

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സമഗ്രമായ വിദ്യാഭ്യാസ പദ്ധതിയുടെ ചുവടുപിടിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുക എന്നത് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ലക്ഷ്യമിടുന്നത് ഇതിന് സാധ്യമാകുന്നതും നടപ്പാക്കാൻ സാധിക്കുന്നതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം — ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

## പ്രവർത്തന പദ്ധതികൾ

ജൂൺ :- പ്രീ-ടെസ്റ്റ് നടത്തുന്നു.
അവലോകനം, ക്രോഡീകരണം

* വിവിധ നിലവാരക്കാരെ കണ്ടെത്തൽ
* സിപിടിഎ മീറ്റിങ്ങ്

ആസൂത്രണം :-

* ചിത്രം, വീഡിയോ കാണിക്കുന്നു.
* വീഡിയോയിൽ കണ്ട കാര്യങ്ങൾ (പ്രദർശനം)
* ഉച്ചാരം, ഉല്ലേഖനം വായന ലേഖനം
പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള
പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.
* CPTA

ആസ്വാദനം : * ഡിജിറ്റൽ സാധ്യത ഉപയോഗിച്ച്
കഥ കേൾക്കാനും കാണാനുമുള്ള അവസരം
ഒരുക്കുന്നു.
* കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ
പറയുകയും എഴുതുകയും പുതിയ വാക്യങ്ങൾ
നിർമ്മിക്കുകയും ചെയ്യുന്നു.
* പത്രം, ബാലമാസിക, ലൈബ്രറി
പ്രയോജനപ്പെടുത്തുന്നു.

ഒന്നാം ലെവൽ → * കഥകൾ സ്വന്തമായി വായിച്ച് അവതരിപ്പിക്കൽ

* കഥയിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ
* കഥാപാത്രങ്ങളുടെ ചിത്രം വരക്കൽ
* കഥ മറ്റ് വ്യവഹാര രൂപങ്ങളാക്കി മാറ്റി എഴുതൽ [കവിത, സംഭാഷണം, നാടകം]
* CPTA.

രണ്ടാം ലെവൽ → വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ

[മല, വലിയ മല, മരങ്ങളുള്ള വലിയ മല]

- ഉത്തരത്തിലുള്ള വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ

* വ്യക്തിഗത രചനയിലേക്ക് പ്രവേശിക്കുന്നു
* ആസ്വാദന കുറിപ്പ് തയ്യാറാക്കൽ, അസംബ്ലിയിൽ അവതരണം.
* CPTA.

മൂന്നാം ലെവൽ → വ്യക്തിഗത രചനയിലെ ചോദ്യങ്ങൾ കണ്ടെത്തുന്നു.

( [illegible] )

സെപ്റ്റംബർ → * കഥകൾ സ്വന്തമായി വായിച്ച് അവതരിപ്പിക്കൽ

* കഥയിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെ...
* കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കൽ
* കഥ മറ്റ് വ്യവഹാര രൂപങ്ങളാക്കി മാറ്റി എഴുതൽ [കവിത, സംഭാഷണം, നാടകം]
* CPTA.

ഒക്ടോബർ → വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ

[മല, വലിയ മല, മരങ്ങളുള്ള വലിയ മല]

- ഇത്തരത്തിലുള്ള വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ

* വ്യക്തിഗത രചനയിലേക്ക് പ്രവേശിക്കുന്നു.
* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, അസംബ്ലിയിൽ അവതരണം.
* CPTA.

നവംബർ → വ്യക്തിഗത രചനയിലെ പോരായ്മകൾ കണ്ടെത്തുന്നു.

(ഉദാ: ...

* ചിത്രങ്ങൾ ഒട്ടിക്കൽ
* പരിചിതമായ കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ഇവയ്ക്ക് ചിത്രങ്ങൾ ഉൾപ്പെടുത്തി നൽകി. ഉചിതമായ ചിത്രം ചേർക്കാനുള്ള അവസരം നല്കുന്നു.
* ICT സഹായത്തോടെ അധിക പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുന്നു.
* CPTA

ചിന്തനങ്ങൾ → ഷൂണിറ്റ് ടെന്നീസ് ഇടക്കാം ഇല്ല

* പാഠഭാഗത്തിന്റെ അപ്പുറത്തുള്ള വായനയ്ക്ക് അവസരം ഒരുക്കൽ.
* വായന കാർഡുകൾ അദ്ധ്യാപികയുടെ സഹായത്തോടെ വായിക്കൽ
* സ്വയം വായിക്കാനുള്ള അവസരം നൽകൽ
* ലഘു ജീവചരിത്ര കുറിപ്പുകൾ തയാറാക്കുന്നതിലെ മാനദണ്ഡങ്ങൾ തിരിച്ചറിയൽ.
* CPTA.

ജനുവരി → ചാർട്ടിൽ തയാറാക്കിയ കഥകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. വായിക്കാനവസരം ഒരുക്കൽ.

* ഉചിതമായ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.
* ചിത്രങ്ങൾ നിരീക്ഷിച്ച് കഥ നിർമ്മിക്കാനുള്ള അവസരം ഒരുക്കുന്നു.

ഒക്ടോബർ → ICT സാധ്യത പ്രയോജനപ്പെടുത്തി കഥ, കവിത കാണിക്കുന്നു.

* നിർദ്ദിഷ്ട തീമുകൾക്ക് ചിത്രങ്ങൾ പ്രമേയമാക്കി കഥ, കവിത രചിക്കുന്നു.
* കഥ, കവിത പതിപ്പ് തയ്യാറാക്കുന്നു.
* CPTA

മാർച്ച് → പഠനോത്സവം

* വായന - ലേഖനം, കുട്ടികളുടെ നിലവാരം സമൂഹത്തെ ബോധ്യപ്പെടുത്തൽ
* കുട്ടികളുടെ മികവുകൾ പ്രദർശനം
* മികവുകൾ അവതരിപ്പിച്ച് അംഗീകാരം നേടൽ.

## അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് - 5

### ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| a) നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക.<br>b) ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | 1. സസ്യങ്ങളുടെ തരംതിരിക്കൽ<br>2. പ്രകൃതി നടത്തം (വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം)<br>3. ചെടികൾ നിരീക്ഷിക്കുന്നു.<br>4. വ്യത്യസ്ത തരം സസ്യങ്ങൾ / പൂക്കൾ എന്നിവ തിരിച്ചറിയുന്നു.<br>5. പരിസ്ഥിതി ദിനാചരണം<br>6. ഹരിതകാർഡ് നിർമ്മാണം. | ജൂൺ | അധ്യാപിക<br>SRG |

| മേഖല | പ്രവർത്തനങ്ങൾ | മാസം | ചുമതല |
| --- | --- | --- | --- |
| പ്രകൃതി സംരക്ഷണം | 1. മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ നിർമ്മിക്കുക. | | |
| | 2. വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കുന്നു. | ജൂലൈ | അധ്യാപിക SRG |
| വന സംരക്ഷണം | 3. ജീവികളുടെ ചിത്രശേഖരണം. | | |
| | 4. മണ്ണ് നിരീക്ഷണം | | |
| | 5. ഉദ്യാന നിർമ്മാണം | | |
| | 6. ശലഭങ്ങൾ വരുന്ന ചെടികൾ കണ്ടെത്തുന്നു. | | |
| | 7. വിവിധ ഇനത്തിലുള്ള ശലഭങ്ങളുടെ ചിത്രശേഖരണം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ജലസംരക്ഷണം<br>മണ്ണ് സംരക്ഷണം | 1. മഴക്കുഴി നിർമ്മാണം<br>2. ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം.<br>3. കിണർ സംരക്ഷണം<br>4. മണ്ണ് നിരീക്ഷണം<br>5. മണ്ണു കൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കൽ<br>6. വ്യത്യസ്ത പരീക്ഷണങ്ങൾ | ആഗസ്റ്റ് | SRG<br>അദ്ധ്യാപിക |
| വ്യക്തിശുചിത്വം<br>പരിസര ശുചിത്വം | 1. വ്യക്തിശുചിത്വ പോസ്റ്റർ നിർമ്മാണം.<br>2. പരിസര ശുചിത്വ പോസ്റ്റർ നിർമ്മാണം.<br>3. സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തന-[illegible]ങ്ങൾ<br>4. ആരോഗ്യ ബോധവത്കരണ സെമിനാർ. | | അദ്ധ്യാപിക<br>പി.ടി.എ.<br>S.R.G |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | 1. ഫീൽഡ് ട്രിപ്പ് (പച്ചക്കറി കൃഷിയിടം)<br>2. Food festival | | SRG<br>അധ്യാപിക |
| ആരോഗ്യസംരക്ഷണം | 3. എന്റെ ആരോഗ്യകാർഡ് (മാതാപിതാക്കൾ)<br>4. സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>5. ശരിയായ ഭക്ഷണശീലം — പോസ്റ്റർ | ഒക്ടോബർ | PTA<br>MPTA |
| റോഡ് നിയമങ്ങൾ മനസിലാക്കൽ | 1. റോൾപ്ലേ — റോഡ് നിയമങ്ങൾ<br>2. First aid Kit തയ്യാറാക്കൽ<br>3. റോഡ് നിയമങ്ങൾ – ചർച്ച, ബോധവത്കരണം. | നവംബർ | അധ്യാപിക |
| നിർമ്മാണ പ്രവർത്തനം | 1. പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തനങ്ങൾ<br>2. ദേശീയ പതാക വരയ്ക്കൽ | ഡിസംബർ | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | 3. [illegible] ചിഹ്നങ്ങൾ തിരിച്ചറിയൽ<br>4. എന്റെ ദേശം – ചിത്രരചന<br>5. ആപേക്ഷികത തിരിച്ചറിയൽ<br>6. ചോദ്യോത്തരപ്പയറ്റ് | | |
| വ്യത്യസ്തതരം വീടുകൾ തിരിച്ചറിയൽ. വ്യത്യസ്ത തരം ജോലികൾ തിരിച്ചറി-യുന്നു. | 1. ജീവികളുടെ കൂടുകൾ – ചിത്രശേഖരണം<br>2. വ്യത്യസ്തതരം വീടുകൾ – ആൽബം<br>3. വീട് നിർമ്മാണ ഇടം സന്ദർശനം<br>4. വ്യത്യസ്തതരം ജോലികൾ :- സർവേ<br>5. പൊതുസ്ഥാപന സന്ദർശനം | ജനുവരി & ഫെബ്രുവരി | PTA<br>അധ്യാപിക |
| പഠനപ്രവർത്തന-ങ്ങളുടെ മികവ് തെളിയിക്കൽ | പഠനോത്സവം | മാർച്ച് | PTA<br>MPTA<br>SRG<br>SSK |

| Aims | Activity | Duration | Charge | Economic Source |
| --- | --- | --- | --- | --- |
| To study alphabets | 1. Pre-Test<br>2. Write simple words | June – July | Teacher<br>Students | PTA |
| To study, write and read simple words. | circle the word from text book and read. | August – September | Teacher<br>Students | Nill |
| Create more opportunities for English speaking in the class room. | Class room communication should be in English, like may I drinks some water?<br>may I go to bathroom?<br>Good morning<br>How are you all?<br>How are you today? | Academic year | Teacher<br>Students<br>Parents | Nill |

# St. Mary's LPS Kanchiyar

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

Class - IV

## Subjects

English
Malayalam
Maths
EVS

Subject : Malayalam [ഭാഷാപഠനം]

| [illegible] | ലക്ഷ്യം | [illegible] | ചുമതല | [illegible] |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം കൊടുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ [പുസ്തകം മലയാളം വായനാക്കാർഡ് നിർമാണം, പദശേഖരം, മലയാളത്തിളക്കം] | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം | | | | |

# [illegible] ലെസ്സൺ പ്ലാൻ

## Std IV

**ലക്ഷ്യം:**

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് കഥയിലൂടെ, ഗാനത്തിലൂടെ, ചർച്ചകളിലൂടെ, കവിതയിലൂടെ എല്ലാവരും [illegible] ബോധം ഉണ്ടാക്കുക. കൊറോണ [illegible] വ്യക്തിപരമായ അറിവുകൾ നേടുന്നതിന് [illegible] പരിപോഷിപ്പിക്കുക.

**പൊതുതത്ത്വങ്ങൾ:**

- കുട്ടികളിലൂടെയും ഉപകരണങ്ങളിലൂടെയുമുള്ള പഠനം
- സഹപാഠികൾക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- [illegible] വിദ്യയുടെ [illegible] വികസനം.
- [illegible] [illegible] പങ്കാളികളാക്കുക.

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | ആഗസ്റ്റ് | SRG ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ഭാഷാശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | | | | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | അറിവ് [illegible] ദൃശ്യങ്ങളിലൂടെ നേടൽ (ICT) | ഒരാഴ്ച സമയം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധം ഉള്ള വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | | |
| കൃഷിയറിയാം | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | [illegible] | SRG, PTA ക്ലാസ് ടീച്ചർ | |
| ഭക്ഷ്യമേള - പാചകങ്ങളെക്കുറിച്ച് [illegible] നിർമ്മാണം ക്ലാസിലൊരു ചന്ത. | | | | |

| പ്രവർത്തനം | ലക്ഷ്യം | സമയം | ഉത്തരവാദിത്വം | സഹായ ഏജൻസി |
|---|---|---|---|---|
| ഓർമ്മ - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയാൻ ഉദ്ധരണികൾ ശേഖരിക്കാൻ | മാസത്തിലൊരിക്കൽ | SRG, PTA ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ഫോട്ടോ-ചിത്ര വിവരങ്ങൾ ശേഖരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം പ്രദർശനം | | | | |
| കൈത്താങ്ങ് | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സഹായിക്കൽ | വർഷത്തിലൊന്ന് | HM, SRG, CPTA, Class tr. | PTA |
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സഹായിക്കൽ | | | | |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | സമയം | ചുമതല | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ കുട്ടികൾ രക്ഷിതാക്കളോട അവതരിപ്പിക്കൽ/ പ്രദർശനം [സർഗ്ഗോത്സവം, ചിത്രരചന, കഥ പതിപ്പുകൾ, ചാർട്ടുകൾ പ്രദർശനം | | വർഷത്തിൽ ഒരിക്കൽ | SRG, CPTA Class teacher | PT |
| കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | | | | |

Subject : EVS

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്വിസ് നടത്താം | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | CPTA, HM class tr. | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രമേള | ശാസ്ത്രപഠനം ഫലപ്രദവും രസകരവുമാക്കാൻ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പരീക്ഷണങ്ങളുമായി സാമഗ്രികൾ ഒരുക്കൽ, ചാർട്ടുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - ശാസ്ത്രീയമനോഭാവം വളർത്തൽ | ആവശ്യാനുസരണം | HM, SRG CPTA ക്ലാസ് ടീച്ചർ | PTA |

poem

* Engage in and perform skits and drama.
* Describe orally about the pictures.

Time duration - June to March

| Sl No | Learning Objective | Activity details | Time period |
|---|---|---|---|
| 1 | The learner analyses comprehends and interprets a picture/ video from different perspectives. | -> Video presentation Teacher plays the 'The tree' video by Lead India. (ICT) -> Picture description. | June |
| 2. | Vocabulary developments | -> Introduce Glossary. -> Introduce 'My Vocabulary book' -> writes 10 English words daily. -> Mini dictionary | |
| 3 | Writing skills developments. | -> Diary writing * It helps a recap of all that happened during the day -> English diary * It focuses on writing daily activities at home and at school. | June |

| | | | |
|---|---|---|---|
| 4. | English assembly<br>* To encourage public speaking skills. | → Morning assemblies serve numerous purposes → Instill discipline, promote values.<br>→ Class wise English assembly with thought for the day, News reading etc... | June - March<br>Twice in a week. |
| 5 | Writing skill developments<br>→ The learner prepares notices suitable for the given situations. | → Notice preparation<br>* Introduce the format of a Notice.<br>* Guide the students through the process of creating the notice, emphasising the key elements → Title, Date and time, Venue, Chief guest A brief explanation of the event, Design and lay out. | June |
| 6 | The learner understands the importance of staying calm in emergencies. The learner learns about emergency number emergency number. | → Discuss the different emergency numbers (eg: 101, 911, 112) and their purposes. | |

| | | |
|---|---|---|
| 7. Role playing | * Introduce emergency situation -> using a play phone or a disconnected real phone, have them practice making an emergency call. | June |
| 8. Conversation<br>-> The learner reads and constructs simple conversation and engages in role play. | -> The teacher elicits possible dialogues from the learners [conversation at fire station]. | June |
| 9. The learners identify and extract the naming words | -> The teacher categorises the words such as names of people, things and places, on the chart. | |
| 10. The learners select appropriate action verbs to describe the activities | -> Introduce a game<br>-> Jumping<br>-> Skipping<br>-> reading<br>-> Sweeping. | |
| 11. The learner appreciates simple poems and identifies rhyming words from the poem | -> Introduce the poem 'Everyday Heroes'. Teacher repeats the rhyming words "all" and "call" | July |

| | | | |
|---|---|---|---|
| 12 | (Interview) The learner prepares questions for the interview through group discussions and conducts mock interviews in classroom contexts. | -> The teacher explains that a police officer from the Janamaithri Police Station will be visiting the class.<br>-> The teacher guides the students to formulate clear and respectful questions | July |
| 13 | The learner develops vocabulary and spelling skills through active exploration. | -> Prepare (picture story card)<br>-> (Language games)<br>* The teacher ~~thre~~ ~~ex~~ explains that words can be found horizontally, vertically and even backwords. | July |
| 14 | (English Theatre)<br>-> Nurturing creativity | -> Presentation of units as discources such as skit, Drama Conversation, story Telling. | Once in a month |
| 15 | (English Magazine) | -> Including students writings such as poems, stories, riddles | once in three month |

| | | | |
|---|---|---|---|
| 16 | Enable the learners to find out describing words from the text-book. Describing words | → Teacher can prepare some word cards. | July |
| 17 | Enables the learners to listen and read riddles and prepare riddles. | → Introduces the riddles given in the class textbook | August<br>First Term Assessment |
| 18 | Kite Making - Origami | * Making different kinds of kites using colour paper.<br>→ kites competition | August |
| 19 | Importance of reading. | → World book day - April 23 April 23.<br>→ prepare digital poster to promote readings.<br>→ Thoughts. | September |
| 20 | Prepositions<br>To understand the prepositions such as over, under, infront of | Rearrange the words to make meaningful sentences. | |

| | | | |
|---|---|---|---|
| 21 | Book making | → create your own book<br>Craft Corner<br>- Make bookmark<br>* creates a digital painting<br>* picture Story card making. | Septemb |
| 22. | English Corner | * creates a reading corner in the class-room.<br>* Reading notes<br>* Introduce a book.<br>* Reading Competition | June - M<br>Septem |
| 23 | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്: IV

## ഗണിതം

**ആമുഖം**

വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയരൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

* അടിസ്ഥാന ഗണിതക്രിയകൾ / ചതുഷ്ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
* യുക്തിചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
* കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റ് തയ്യാറാക്കാൻ പ്രാപ്തി നേടുക.

## പ്രവർത്തനങ്ങൾ

### ജൂൺ

* കണക്കുപെട്ടി നിർമ്മാണം (Math box)
* ചതുരക്കാർഡ്, സമചതുരക്കാർഡ് ഉപയോഗിച്ച് നോട്ടുബുക്കിൽ ചതുരം, സമചതുരം വരയ്ക്കൽ
* ചതുരം, സമചതുരം എന്നിവയുടെ വശങ്ങൾ സ്കെയിൽ ഉപയോഗിച്ച് അളക്കൽ
* കടിക്കടലാസ്സിൽ ക്യൂബ് നിർമ്മിക്കൽ
* ടാൻഗ്രാം ചിത്രങ്ങൾ നിർമ്മിക്കൽ
* ജിയോ ബോർഡ് നിർമ്മാണം.
* ഘനരൂപങ്ങൾ ക്യൂബ്, വൃത്തസ്തൂപിക, ഗോളം എന്നിവ തിരിച്ചറിയൽ
* സംഖ്യാബോധം - നാലക്ക സംഖ്യകളെ കുറിച്ചുള്ള ധാരണ രൂപീകരിക്കൽ
* ആയിരം മുതൽ 9999 വരെയും അഞ്ചക്ക സംഖ്യ-കളെയും കുട്ടികൾ പരിചയപ്പെടുന്നു.
* ഗണിതചുമർ ഒരുക്കൽ

### ജൂലൈ

* നാലക്ക സംഖ്യകളുമായി ബന്ധപ്പെട്ട പ്രശ്നനിർധാരണം
* സംഖ്യാ വ്യാഖ്യാനം - 1000
* നാലക്കസംഖ്യകൾ രൂപീകരിക്കുന്നു, വായിക്കുന്നു
* നാലക്ക സംഖ്യകളെ ആരോഹണ / അവരോഹണ

* കലണ്ടറുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
* തീയതികൾ - ദിവസം - മാസം - വർഷം എന്ന രീതിയിൽ രേഖപ്പെടുത്തുന്നു.
* നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട വ്യവകലന ക്രിയ ഉപയോഗപ്പെടുത്തുന്നു.
* രണ്ട് നാലക്കസംഖ്യകളുടെ വ്യവകലന ക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികളുണ്ടെന്ന് തിരിച്ചറിയുന്നു.
* സംഖ്യകളെ (നാലക്കസംഖ്യകളെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതി വ്യവകലനക്രിയ ചെയ്യുന്നു.

നവംബർ

* നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഗുണനക്രിയ ഉപയോഗിക്കുന്നു.
* ഗുണനക്രിയയിൽ സംഖ്യകളുടെ ക്രമം മാറിയാലും ഗുണനഫലത്തിൽ മാറ്റമില്ല എന്ന് തിരിച്ചറിയുന്നു.
* ഒരു രണ്ടക്കസംഖ്യയെ മൂന്ന് ഒറ്റക്കസംഖ്യകളുടെ ഗുണനഫലമായി എഴുതുന്ന രീതി തിരിച്ചറിയുന്നു.
* ഒരു സംഖ്യയെ 10, 100, 1000 കൊണ്ട് ഗുണിക്കേണ്ടി വരുന്ന സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുന്നു.

ഡിസംബർ

* നീളത്തിന്റെ അളവുമായി ബന്ധപ്പെട്ട് ഏകകങ്ങൾ ആശയങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.
* നീളത്തിന്റെ ഏകകങ്ങളാണ് മില്ലിമീറ്റർ, സെന്റിമീറ്റർ, മീറ്റർ, കിലോമീറ്റർ എന്നിവ.

ഡിസംബർ

* നിത്യജീവിതത്തിന്റെ ഭാഗമായും കളിയുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഭാരം, ഉള്ളളവ് എന്നിവയുമായി ബന്ധപ്പെട്ട ഏകകങ്ങൾ, ആശയങ്ങൾ കൃത്യതയോടെ ഉപയോഗിക്കുന്നു.
* ഉള്ളളവിന്റെ അളവുകളായ ലിറ്റർ, മില്ലിലിറ്റർ ഭാരത്തിന്റെ അളവുകളായ ഗ്രാം, കിലോഗ്രാം എന്നിവ കൃത്യതയോടെയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നു.

ജനുവരി

* ടൺ, ക്വിന്റൽ എന്നിവ വലിയ ഭാരങ്ങൾ അളക്കുന്നതിനുള്ള ഏകകങ്ങൾ ആണെന്ന് മനസിലാക്കുന്നു.
* മില്ലിലിറ്റർ, ലിറ്റർ എന്നീ ഏകകങ്ങളുടെയും ഗ്രാം, കിലോഗ്രാം എന്നീ ഏകകങ്ങളുടെയും പരസ്പരം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിലേർപ്പെടുന്നു.

ഫെബ്രുവരി

* 1 kg - 1000 ഗ്രാം

1 ക്വിന്റൽ - 100 കി. ഗ്രാം

1 ടൺ - 1000 കി. ഗ്രാം

1 ടൺ - 10 ക്വിന്റൽ എന്നിങ്ങനെ തിരിച്ചറിയുന്നു

* വ്യാപ്തവുമായി ബന്ധപ്പെടുത്തി മില്ലിലിറ്റർ, ലിറ്റർ എന്നീ അളവുകൾ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു.

മാർച്ച്

* സ്ഥിതിവിവരക്കണക്കുകൾ എന്താണെന്ന് തിരിച്ചറിയുന്നു

* വിവിധ പ്രശ്നങ്ങൾ, സന്ദർഭങ്ങൾ എന്നിവയുടെ വിവരങ്ങൾ പട്ടികപ്പെടുത്തുന്നു. അപഗ്രഥിക്കുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.

* നിത്യജീവിതത്തിലെ വിവിധ ആശയങ്ങൾ നിറവേറ്റുന്നതിനായി പിക്ടോഗ്രാം രൂപത്തിൽ നൽകിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു.

* നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി വിവരങ്ങൾ ശേഖരിക്കുന്നു.

* ശേഖരിച്ച വിവരങ്ങൾ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്തുന്നു. ചിത്രീകരിക്കുന്നു.